മലയാളം മീഡിയം .. 39
കന്നഡ മീഡിയം .. 7

(ബി) ഉണ്ട്.

(സി) പ്രമോഷന് അർഹതപ്പെട്ടവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി 7-7-2005-ൽ കൂടിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തിയവർക്ക് പ്രൊമോഷൻ നൽകി, ഒഴിഞ്ഞു കിടക്കുന്ന എല്ലാ ഹെഡ്മാസ്റ്റർ തസ്തികകളിലും ഉടൻതന്നെ നിയമനം നടത്തുന്നതാണ്.

പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന പ്രസ്സുകൾ

200 [1592] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ കേരളത്തിലെ പാഠപുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിച്ചുകൊണ്ടിരുന്നത്;

(ബി) ഈ വർഷം (2005-06) പാഠപുസ്തകങ്ങൾ ഏതെല്ലാം പ്രസ്സുകളിലാണ് അച്ചടിക്കുന്നത്;

(സി) ഇതിൽ സ്വകാര്യ പ്രസ്സുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(ഡി) മുൻ വർഷങ്ങളിൽ സ്വകാര്യ പ്രസ്സുകളിലും കെ. ബി. പി. എസ്സിലും സർക്കാർ പ്രസ്സിലും ഏതെല്ലാം നിരക്കിൽ ആണ് പാഠപുസ്തകം അച്ചടിച്ചുകൊണ്ടിരിക്കുന്നത്; ഇപ്പോൾ കെ. ബി. പി. എസ്. ഏതു നിരക്കിലാണ് അച്ചടിക്കുന്നത്;

(ഇ) ഈ ഇനത്തിൽ സ്വകാര്യ പ്രസ്സിൽ അച്ചടിക്കുന്നതിനേക്കാൾ കൂടുതലായി 2005-06 വർഷം കെ. ബി. പി. എസ്സിലും സർക്കാർ പ്രസ്സിലും പാഠപുസ്തകങ്ങൾ അച്ചടിച്ചതുകൊണ്ട് എന്തുതുക സർക്കാരിന് അധികമായി ചെലവാക്കേണ്ടിവരുന്നു;

(എഫ്) വേസ്റ്റേജ് ഇനത്തിൽ സ്വകാര്യ പ്രസ്സിനും/കെ. ബി. പി. എസ്സിനും/സർക്കാർ പ്രസ്സിനും എന്ത് നിരക്കിലാണ് അനുവദിക്കുന്നത്; ഈ ഇനത്തിൽ സർക്കാരിന് എന്തുതുക അധികമായി ചെലവഴിക്കേണ്ടിവരുന്നു;

(ജി) സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ അവർ സ്വന്തം ചെലവിൽ തിരുവനന്തപുരം, ഷൊർണ്ണൂർ പാഠപുസ്തക സ്റ്റോറുകളിൽ എത്തിക്കുമ്പോൾ കെ. ബി. പി. എസ്സിലും/സർക്കാർ പ്രസ്സിലും പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതുമൂലം ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ എന്തു തുക അധികമായി ചെലവഴിക്കേണ്ടി വരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഗവൺമെന്റ് പ്രസ്സുകൾ.
2. കേരള ബുക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈറ്റി.
3. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ.
4. മൽസര ടെൻഡറുകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പ്രസ്സുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ഗവൺമെൻറ് പ്രസ്സുകൾ.
2. കേരള ബുക്സ് ആൻറ് പബ്ലിക്കേഷൻസ് സൊസൈറ്റി.
3. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെൻറർ.

(സി) ഇല്ല. 2005-06 വർഷത്തെ പാഠപുസ്തക അച്ചടി സർക്കാർ അർദ്ധ സർക്കാർ മേഖലയിലെ പ്രസ്സുകൾക്ക് സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയതിൻറെ അടിസ്ഥാനത്തിലാണ് സഹകാര്യ പ്രസ്സുകൾക്ക് അച്ചടി നൽകാതിരുന്നത്.

(ഡി) സഹകാര്യ പ്രസ്സുകളുടെ നിരക്ക് മൽസര ടെൻഡറുകളുടെ അടിസ്ഥാനത്തിൽ വർഷംതോറും മാറി വരുന്നതിനാൽ സ്ഥിരമായ നിരക്കില്ല. ബ്ലാക്ക് ആൻറ് വൈറ്റിലെ 16 പേജിൻെറ 1000 കോപ്പികൾക്ക് 124.50 രൂപയും നാലുകളർ അച്ചടിക്ക് 16 പേജിൻെറ 1000 കോപ്പികൾക്ക് 274.50 രൂപയുമാണ് കഴിഞ്ഞ വർഷത്തെ നിരക്ക്. കെ. ബി. പി. എസ്സിൻെറ മുൻ വർഷങ്ങളിലെയും കഴിഞ്ഞ വർഷത്തെയും അച്ചടി നിരക്ക് ചുവടെ ചേർക്കുന്നു :

1. റീപ്രൊഡക്ഷൻ ഫോട്ടോഗ്രാഫി

(എ) എട്ട് പേജിൻെറ എ4 സൈസ് പ്ലേറ്റിംഗ് പുതിയ പുസ്തകം—1320 രൂപ (ഒരുലക്ഷം കോപ്പി വരെ)

(ബി) റീപ്രിൻറ് ഒരു ലക്ഷത്തിനുശേഷം—436 രൂപ.

2. പ്രിൻറിംഗ്

(എ) എ4 സൈസ് 8 പേജ് കറുപ്പും വെളുപ്പും 1000 പതിപ്പുകൾക്ക്—60 രൂപ (കുറഞ്ഞത് 5000 പതിപ്പുകൾക്ക്)

(ബി) എ4 സൈസ് 8 പേജ്/എ4 ബുക്കിൻെറ നാലുകവറുകൾ നാലുകളർ 1000 പതിപ്പുകൾക്ക്—60 രൂപ (കുറഞ്ഞത് 5000 പതിപ്പുകൾക്ക്)

ആദ്യകളർ രണ്ട്, മൂന്ന്, നാല് കളറുകൾക്ക്—45 രൂപ.

3. ബൈൻറിംഗ്

1000 ബുക്കുകൾക്ക് — 370 രൂപ.

4. നാലുകളർ സ്കാനിംഗ് — 1.10 രൂപ. സ്കാനർ സെൻറിമീറ്ററിന്.

5. ഡിസ്റ്റമ്പർ. പി. എ4 സൈസ്

(എ) ഇംഗ്ലീഷ് — 35 രൂപ (മിനർ ഇമേജ് സഹിതം)
(ബി) മലയാളം — 40 രൂപ ,,
(സി) സംസ്കൃതം, കന്നഡ, തമിഴ്, അറബിക് — 50 രൂപ ,,

സർക്കാർ പ്രസ്സുകളിൽ ഒരു പുസ്തകം അച്ചടിക്കുന്നതിനുള്ള ശരാശരി ചെലവ് 7.23 രൂപയാണ്.

(ഇ) സഹകാര്യ പ്രസ്സുകളുടെ 2004-05 വർഷത്തെ നിരക്കു പ്രകാരം ഏകദേശം നാലുകോടി രൂപയുടെ അധിക ചെലവുവരും.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്വകാര്യ പ്രസ്സുകൾക്ക് അച്ചടി പേപ്പറിനും പൾപ്പു ബോർഡിനും ഒരു നിറത്തിന് ഒരു ശതമാനം എന്ന നിരക്കിൽ പരമാവധി നാലു ശതമാനം വരെ വേസ്റ്റേജ് നൽകുന്നുണ്ട്. കെ. ബി. പി. എസി.-ന് സാധാരണ പ്രിൻറിംഗ് യന്ത്രത്തിന് ആറു ശതമാനവും അതിവേഗ വെബ് യന്ത്രത്തിന് എട്ടു ശതമാനവുമാണ് വേസ്റ്റേജ് നൽകുന്നത്. സർക്കാർ പ്രസ്സുകൾക്ക് കറുപ്പും വെളുപ്പും അച്ചടിക്ക് റീൽ പേപ്പറുകൾക്ക് ആറു ശതമാനവും ഷീററു പേപ്പറുകൾക്ക് രണ്ടു ശതമാനവുമാണ് വേസ്റ്റേജ് നൽകുന്നത്. ഏകദേശം ഒരുകോടി രൂപയുടെ അധികച്ചെലവുണ്ടാകും.

(ജി) ഏകദേശം 35,64,904 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എ. ഫണ്ടിൽ നിന്നും നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്ന തുകയ്ക്ക് നികുതി

201 [1595] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് പി. ടി. എ.-യുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനുപയോഗിക്കുന്ന തുകയിൽ നിന്നും വിവിധതരം നികുതികൾ ഈടാക്കാറുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ തരം നികുതികൾ ഈടാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നികുതി ഈടാക്കുന്നത് കാരണം ഗ്രാമീണ മേഖലയിലെ സ്കൂൾ പി. ടി. എ.-കൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നികുതി ഈടാക്കുന്ന നടപടി ഒഴിവാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സെയിൽ ടാക്സ് 5.6 ശതമാനവും അതിന്റെ 15 ശതമാനം അഡീഷണൽ സെയിൽ ടാക്സും, ഒരു ശതമാനം വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിലും പിരിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.